


സുരേഷ് അരീക്കോട്
ഫോൺ: 9562 52 15 09


# മുകുളം മലയാളം

*1 Score, 2 Score Sure Plus Questions*

## ഓരോ വിളിയും കാത്ത് – യു.കെ. കുമാരൻ

1. 'തക്ഷൻകുന്ന്' സ്വരൂപം എന്ന് പേരുകേട്ട നോവൽ ആരുടെ രചനയാണ്?
(എ) യു.കെ. കുമാരൻ (ബി) റഫീക്ക് അഹമ്മദ് (സി) എസ്.കെ. പൊറ്റക്കാട്
2. 1950ൽ കോഴിക്കോട് ജില്ലയിലാണ് നോവലിസ്റ്റും ചെറുകഥാകൃത്തും പത്രപ്രവർത്തകനുമായ യു.കെ. കുമാരൻ ജനിച്ചത്. സ്ഥലം ഏത്?
(എ) പനമ്പള്ളി (ബി) പയ്യോളി (സി) പന്നിയങ്കര
3. നെല്ലിൻകുല – നെല്ലിന്റെ കുല; കാൽമുട്ട് – ..............................?
(എ) കാലിന്റെ മുട്ട് (ബി) കാലുമുട്ട് (സി) കാലാകുന്ന മുട്ട്
4. പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങിവരുന്നു. പുതിയ അവസ്ഥയായി സൂചിപ്പിക്കുന്നതെന്ത്?
(എ) പുതിയ വീട്ടിലെ താമസം (ബി) മകനോടൊപ്പമുള്ള ജീവിതം (സി) അച്ഛന്റെ മരണശേഷമുള്ള ജീവിതം
5. വിളിച്ച നിമിഷം അമ്മയുടെ മറുപടി ഉണ്ടായിട്ടില്ലെങ്കിൽ അച്ഛൻ കോപം കൊണ്ട് തുടുക്കും. ഈ പ്രസ്താവനയിൽ പ്രകടമാവുന്ന ഭാവം?
(എ) സ്നേഹം (ബി) കോപം (സി) പുച്ഛം
6. അമ്മയെ തനിച്ചാക്കി പോവുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു. എന്തുകൊണ്ട്?
(എ) അമ്മയോടുള്ള ദേഷ്യം (ബി) അമ്മയെ വിളിക്കാൻ പോലും ആരുമില്ലാത്തത് (സി) അമ്മയ്ക്ക് തീരെ സുഖമില്ലാത്തതിനാൽ
7. ഒറ്റപ്പെടലിന്റെ അവസ്ഥയിൽ അമ്മയിൽ വന്ന മാറ്റം?
(എ) കൂടുതൽ ഗൗരവക്കാരിയായി (ബി) സംസാരപ്രിയയായി (സി) അന്തർമുഖയായി
8. ഏതോ ദിശയിൽ നിന്നു അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു. സൂചന എന്ത്?
(എ) അച്ഛന്റെ മരണം തീർത്ത ശൂന്യത (ബി) ശക്തമായ കാറ്റിൽ ആരും പുറത്തിറങ്ങിയില്ല (സി) കാറ്റടിച്ച് കുറേ കരിയിലകൾ പാറിപ്പോയി
9. 'കന്നിപ്പാടം' എന്ന പദത്തിന്റെ വിഗ്രഹരൂപം ഏത്?
(എ) കന്നിയിലെ പാടം (ബി) കന്നിയും പാടവും (സി) കന്നിയായ പാടം
10. 'വരമ്പിലേക്ക് ചാഞ്ഞുകിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നുപോകുന്നു'. അച്ഛന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട വരികളിലെ സൂചന എന്ത്?
(എ) അനുഭവജ്ഞാനമുള്ള കർഷകൻ (ബി) നാട്ടുകാരോട് പരുക്കനായിരുന്ന ആൾ (സി) ബുദ്ധിയുടെ തെളിമ നഷ്ടപ്പെട്ട ആൾ
11. <u>പൊരുളില്ലാത്ത</u> സംസാരമെന്ന് ആദ്യം തോന്നും. അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത്?
(എ) സത്യം (ബി) നിഷ്കളങ്കമായ (സി) അഹങ്കാരം
12. 'ഇപ്പോൾ ഇതൊരു വീടല്ല, നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാകുന്നില്ല'. എന്തുകൊണ്ട്?
(എ) അച്ഛന്റെ മരണം തീർത്ത ശൂന്യത (ബി) വീട് വൃത്തികേടായി കിടക്കുന്നതിനാൽ (സി) മകൻ അമ്മയെ ഉപേക്ഷിച്ച് പോകാനൊരുങ്ങിയതിനാൽ
13. 'അതോർത്ത് ഞ്ഞ് വെഷമിക്കണ്ട, ഞാനിവിടെ ഒറ്റക്കാണെന്ന് എനിക്ക് തോന്നീട്ടില്ല'. അമ്മയുടെ തോന്നലിന്റെ അടിസ്ഥാനമെന്തായിരിക്കും?
(എ) മരിച്ചതിനു ശേഷവും അച്ഛന്റെ സാന്നിധ്യം അമ്മ അനുഭവിക്കുന്നു (ബി) വീട്ടുജോലിക്കാർ ഉള്ളതുകൊണ്ട് (സി) വീട്ടുകാര്യങ്ങൾ നോക്കാൻ കണാരൻ ഉള്ളതുകൊണ്ട്
14. മനസ്സിന്റെ <u>ക്ലാവുപിടിച്ച കണ്ണാടിയിലൂടെ</u> അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു. അടിവരയിട്ട പദത്തിന്റെ സൂചന കണ്ടെത്തുക.
(എ) അച്ഛന്റെ വാർധക്യവും രോഗാവസ്ഥയും (ബി) അച്ഛന്റെ ദീർഘവീക്ഷണം (സി) അച്ഛന്റെ കണ്ണാടി മങ്ങിയിരിക്കുന്നു
15. 'വിഷാദസ്വരം' എന്ന പദത്തിന്റെ വിഗ്രഹരൂപം ഏത്?
(എ) വിഷാദത്തിന്റെ സ്വരം (ബി) വിഷാദവും സ്വരവും (സി) വിഷാദമാകുന്ന സ്വരം

SURESH AREEKODE



visit www.shenischool.in or whatsapp 7012498606

16. ‘ചോദ്യവും നിർദ്ദേശവും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ പൊട്ടിത്തെറിക്കാറുണ്ട്’. അടിവരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
(എ) അമ്മ അച്ഛനെ ഉപദ്രവിക്കാറുണ്ട് (ബി) അമ്മ ദേഷ്യപ്പെടാറുണ്ട് (സി) അമ്മ വീട്ടിൽ സകല സാധനങ്ങളും നശിപ്പിക്കാറുണ്ട്

17. ‘ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്’. ഇത് ആരുടെ വാക്കുകളാണ്?
(എ) അമ്മ (ബി) കണാരൻ (സി) പൈക്കച്ചവടക്കാരൻ

18. ‘എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ. ആയിക്കോ ആയിക്കോ, ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കയ്യ്ഞ്ഞല്ലോ. അതോർത്താ മതി’. ഇത് ആര് ആരോടാണ് പറയുന്നത്?
(എ) അമ്മ മകനോട് (ബി) അച്ഛൻ അമ്മയോട് (സി) അച്ഛൻ കണാരനോട്

19. അത്ര വിഷമം തോന്നിയാലേ അമ്മ മറുത്തുപറയൂ. അടിവരയിട്ട പദത്തിന്റെ അർത്ഥസൂചന കണ്ടെത്തുക?
(എ) എതിർത്തു പറയുക (ബി) മറഞ്ഞുനിന്ന് പറയുക (സി) സങ്കടം പറയുക

20. ‘അച്ചാലും മുച്ചാലും’ നടക്കുക എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
(എ) തുടർച്ചയായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുക (ബി) അച്ഛന്റെ കൈപിടിച്ച് നടക്കുക (സി) അച്ഛൻ പറയുന്നിടത്ത് പോയി വരിക

21. ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല. അടിവരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
(എ) വിഷമം (ബി) വിശ്രമം (സി) ശാന്തി

22. ‘അതു പറഞ്ഞതുകൊണ്ടായില്ലല്ലോ എനിക്കൊരു സമാധാനം വേണ്ടേ?’ എല്ലാ ആഴ്ചയും ഇത്രയും ദൂരം യാത്ര ചെയ്ത്..........? ധ്വനി എന്ത്?
(എ) വരാൻ പ്രയാസമാണ് (ബി) യാത്ര ചെയ്ത് ഞാൻ വന്നുകൊള്ളാം (സി) വരാൻ പ്രയാസമൊന്നുമില്ല

23. ‘കണാരൻ വിശ്വസ്ഥനായ കാര്യസ്ഥനാണ്’ – ഈ പ്രസ്താവന ശരിവെയ്ക്കുന്ന വാക്യം ഏത്?
(എ) കണാരൻ അച്ഛന്റെ നാട്ടുകാരനാണ് (ബി) അവരുടെ വീട്ടിലെ കാര്യങ്ങൾ അധികവും നോക്കുന്നത് കണാരനാണ് (സി) കണാരൻ അതിഥി തൊഴിലാളി ആണ്

24. ഓനത് നന്നായി നോക്കുകയും ചെയ്യും. ‘ഓൻ’ എന്ന പ്രാദേശിക രൂപത്തിന്റെ മാനകരൂപം ഏത്?
(എ) അവൻ (ബി) അവൾ (സി) അതിനെ

25. ‘മരിച്ചവർക്ക് ദാഹജലമായി ഇളനീർ മാത്രമേ മുറിയിൽ വയ്ക്കാറുണ്ടായിരുന്നുള്ളൂ. ഈ പ്രാവശ്യം ഒരു ഗ്ലാസ് കാപ്പി കൂടി അമ്മ മുറിയിലെത്തിച്ചു’. കാരണമെന്ത്?
(എ) അമ്മയ്ക്ക് കാപ്പിയായിരുന്നു ഇഷ്ടം (ബി) അച്ഛന് ഇളനീരിനെക്കാളിഷ്ടം കാപ്പിയായിരുന്നു (സി) അച്ഛന്റെ കാപ്പി കൃഷിയുടെ ഓർമ പുതുക്കൽ

26. കാലത്തെ ബസ്സിനു തന്നെ ഞാള് പോവും. ‘ഞാള്’ എന്ന വരമൊഴി രൂപത്തിന്റെ മാനക വരമൊഴി രൂപമേത്?
(എ) നമ്മൾ (ബി) ഞങ്ങൾ (സി) ഞാൻ

27. ‘എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ’. അടിവരയിട്ട പദത്തിന്റെ അർത്ഥ സൂചനയെന്ത്?
(എ) ശ്രദ്ധ (ബി) സൂക്ഷിച്ചു നോക്കുക (സി) അസൂയയോടെയുള്ള നോട്ടം

28. ‘നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്ക്വോ നീയ്യ്’. അമ്മയുടെ ഈ ചോദ്യത്തിലെ ധ്വനി കുറിക്കുക.
(എ) ഗ്രാമസംസ്കൃതിയുടെ വിശുദ്ധി (ബി) നഗരത്തിൽ കൂമനെ കാണാറില്ല (സി) കൂമൻ മൂളുന്നത് ചീത്ത ശകുനമാണ്

29. ‘ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ’ – കുട്ടിയുടെ ഈ പരിഭവം പറച്ചിലിന്റെ സൂചനയെന്ത്?
(എ) നഗര സംസ്കൃതിയിലെ ഒറ്റപ്പെടൽ (ബി) നഗരത്തിലെ ആർഭാട ജീവിതം (സി) കുട്ടിയ്ക്ക് ടിവിയുടെ ഒച്ച മാത്രമാണ് ഇഷ്ടം

30. ‘ഇപ്പോഴും എടേക്കൂടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും മൂപ്പരെങ്ങോട്ടു പോയി? ഞാൻ പറയും പൊയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ’. അടിവരയിട്ട ഭാഗം നൽകുന്ന സൂചന?
(എ) അങ്ങാടിയിൽ പോയി (ബി) മരിച്ചു പോയി (സി) മകനോടൊപ്പം പോയി

31. കുളക്കര എന്ന പദത്തിന്റെ വിഗ്രഹ രൂപം
(എ) കുളവും കരയും (ബി) കുളമാകുന്ന കര (സി) കുളത്തിന്റെ കര

SURESH AREEKODE

*Visit my Youtube:mukulam malayalam for AT & BT Video Lessons, PDF Notes, Question Answer Discussion*

visit www.shenischool.in or whatsapp 7012498606

32. 'പുലർച്ചയ്ക്ക് കണാരൻ വരും. താക്കോൽ അയാളുടെ കൈയിൽ ഏല്പ്പിക്കണം'. ഇവിടെ പുലരുന്ന ജീവിതം പടർത്തുന്ന വേര് ഏതാണ്?
(എ) വിശ്വസ്തത (ബി) ആശങ്ക (സി) സ്നേഹശൂന്യത
33. 'ഞാനെങ്ങന്യാ, മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വച്ചാൽ' - ഈ വരികളിൽ തെളിയുന്ന ഭാവം?
(എ) സ്നേഹവും വാത്സല്യവും (ബി) വെറുപ്പും വിദ്വേഷവും (സി) പുച്ഛവും പരിഹാസവും
34. 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ പ്രധാന പ്രമേയം?
(എ) ഭാര്യാ-ഭർതൃ ബന്ധത്തിലെ വിശ്വാസ്യത, ഊഷ്മളത (ബി) ഭാര്യാ-ഭർതൃ ബന്ധത്തിലെ ശൈഥില്യങ്ങൾ (സി) ഭാര്യാ-ഭർതൃ ബന്ധത്തിലെ വിശ്വാസക്കുറവുകൾ
35. 'നാലില' എന്നതിന്റെ വിഗ്രഹരൂപമേത്?
(എ) നാല് ഇല (ബി) നാലും ഇലയും (സി) നാലിന്റെ ഇല
36. 'മടുത്ത കളി' - എന്ന ചെറുകഥ ആരുടെ രചനയാണ്?
(എ) കാരൂർ (ബി) സന്തോഷ് ഏച്ചിക്കാനം (സി) യു.കെ. കുമാരൻ
37. 'തക്ഷൻകുന്ന് സ്വരൂപം' എന്ന നോവലിലെ പ്രധാന കഥാപാത്രം ആര്?
(എ) രാമർ (ബി) കണാരൻ (സി) കുപ്പുവച്ചൻ
38. അമ്മ - മാതാവ്, അച്ഛൻ - ..................? ചേർച്ച നോക്കി എഴുതുക.
(എ) ഫാദർ (ബി) പിതാവ് (സി) അച്ചൻ
39. പദം പിരിച്ചെഴുതുക - അമ്മയുടെ
(എ) അമ്മ + ഉടെ (ബി) അമ്മ + ടെ (സി) അമ്മ + യുടെ
40. 'സകോപം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹ രൂപമേത്?
(എ) കോപത്തോടു കൂടി (ബി) സങ്കടവും കോപവും (സി) കോപമാകുന്ന സങ്കടം
41. 'ഖിന്നത' എന്ന പദത്തിന്റെ അർത്ഥമായി വരാത്തത് ഏത്?
(എ) ദുഃഖം (ബി) ശോകം (സി) ഹർഷം
42. വർണ്ണവികാരം കുറിക്കുക:-
പതുക്കെപ്പതുക്കെ - പതുക്കെ + പതുക്കെ
(എ) 'പ' കാരം ഇരട്ടിച്ചു (ബി) 'പ' കാരം ലോപിച്ചു (സി) 'പ' കാരം ആഗമിച്ചു
43. വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ <u>വഴുതി വീണതു പോലെ</u> - അടിവരയിട്ട പദത്തിന്റെ അർത്ഥസൂചന എന്ത്?
(എ) വാർധക്യത്തിന്റെ ഒറ്റപ്പെടൽ അനുഭവിക്കുന്നു (ബി) വാർധക്യത്തിൽ അമ്മ വഴുതി വീണു (സി) വാർധക്യത്തിലെ അവശതയിൽ അമ്മ കിടപ്പിലായി
44. 'ഓരോ വിളിയും കാത്ത്' എന്ന ചെറുകഥയുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?
(എ) ബന്ധങ്ങളിലെ ഊഷ്മളത (ബി) വാർധക്യത്തിലെ നിരാലംബത (സി) ബന്ധങ്ങളിലെ അർത്ഥശൂന്യത
45. കഥയിൽ 'ക്ലാവുപിടിച്ച കണ്ണാടി'യുമായി സാദൃശ്യപ്പെടുന്നത് എന്തിനെയാണ്?
(എ) അച്ഛന്റെ വാർധക്യം ബാധിച്ച മനസ്സിനെ (ബി) തിമിരം ബാധിച്ച അമ്മയുടെ കണ്ണുകളെ (സി) നഗരവാസിയായ മകന്റെ മനസ്സിനെ
46. 'ഒടുവിൽ നടന്ന സമാപനയോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാഥിതിയായി പങ്കെടുത്തു'. താഴെ പറയുന്നവയിൽ ശരിയായ വാക്യമേത്?
(എ) സമാപനയോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാതിഥിയായി പങ്കെടുത്തു (ബി) സമാപനയോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാഥിതിയായി പങ്കെടുത്തു (സി) ഒടുവിൽ നടന്ന യോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാതിതിയായി പങ്കെടുത്തു
47. നഗര സംസ്കാരത്തിന്റെയും ഫ്ളാറ്റ് സംസ്കാരത്തിന്റെയും ഇരയായി കഥയിൽ കടന്നുവരുന്ന കഥാപാത്രം ആര്?
(എ) അച്ഛമ്മ (ബി) പേരക്കുട്ടി (സി) പൈക്കച്ചവടക്കാരൻ
48. 'വെളിച്ചം പകരുന്ന കുടുംബ വിളക്ക്' എന്ന വിശേഷണത്തോട് ഏറ്റവും യോജിച്ചു നിൽക്കുന്ന കഥാപാത്രം താഴെ പറയുന്നവയിൽ ആരാണ്?
(എ) അമ്മ (ബി) മകൻ (സി) അച്ഛൻ
49. 'പെറുക്കിയെടുത്ത്' എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് രൂപമേത്?
(എ) പെറുക്കി + എടുത്ത് (ബി) പെറുകി + എടുത്ത് (സി) പെറുക്കി + യെടുത്ത്
50. പരേതാത്മാക്കളുടെ വിശപ്പും ദാഹവും അടക്കാൻ വേണ്ടി വാവിന്റന്നു രാത്രിയിൽ നടക്കുന്ന ക്രിയ?
(എ) കൊടുക്ക (ബി) ബലി (സി) മുട്ടറുക്കൽ

SURESH AREEKODE

*Visit my Youtube:mukulam malayalam for AT & BT Video Lessons, PDF Notes, Question Answer Discussion*

visit www.shenischool.in or whatsapp 7012498606